മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, അങ്ങയുടെ സമയം തീരുകയാണ്........

ശ്രീ. ജോർജ് എം. തോമസ്: സർ, ഇപ്പോൾ തീരും. അങ്ങനെ തഴച്ചു വളരുന്നതിനിടയിൽ സ്വാഭാവികമായി അദ്ദേഹത്തിനൊരു ദർശനമുണ്ട് - 'വളരും തോറും പിളരും'. ആ പാവം, വന്ദ്യവയോധികനായ മാണി സാർ ഈ കോൺഗ്രസ്സിന്റെ ഇടി എത്രകാലമാണ് ഇങ്ങനെ സഹിക്കുന്നത്? അദ്ദേഹം കേരള കോൺഗ്രസ്സ് എന്നുപറയുന്ന പാർട്ടി രൂപീകരിക്കുന്നതിനാവശ്യമായ രാഷ്ട്രീയ പശ്ചാത്തലം ഇപ്പോഴും നിലനില്ക്കുന്നതുകൊണ്ട് ആ പാർട്ടി പിരിച്ചുവിട്ട് കഴിയുന്നത്ര ആൾക്കാർ ഞങ്ങളുടെ കൂടെ കൂടിക്കൊള്ളുക; അല്ലാത്തവർ വേറെ എവിടെയെങ്കിലും പോയി കൂടുക.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്... .പ്ലീസ് കൺക്ലൂഡ്..........

ശ്രീ. ജോർജ് എം. തോമസ്: സർ, മാണിസാറിന്റെ ഭരണകാലത്താണ് കണ്ണൂർ ജില്ലയിൽ നിന്ന് ഒരു കൃഷിക്കാരൻ വന്ന് മാണിസാറിന്റെ വീടിനുമുമ്പിൽ ആത്മഹത്യ ചെയ്തത്. മാണിസാറേ, കാലം മാറിയിരിക്കുകയാണ് തിരുത്താൻ തയ്യാറാവുക എന്ന് പറഞ്ഞുകൊണ്ട് ഈ ബില്ലിനെ ഒരിക്കൽകൂടി പിന്താങ്ങുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. ധനം വിനിയോഗിക്കുന്നത് സംബന്ധിച്ചുള്ള ചർച്ചയിൽ രാഷ്ട്രീയം പറയേണ്ട എന്ന് കരുതിയതാണ്. ഇവിടെ എസ്.ഡി.പി.ഐ.-യെക്കുറിച്ച്

ശ്രീ. ജോർജ് എം. തോമസ് പറഞ്ഞു, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എസ്.ഡി.പി.ഐ.-ക്ക് മുമ്പ് കിട്ടിയ വോട്ടുകളൊന്നും ഇപ്പോൾ കാണാനില്ല എന്ന്. അത് പൂർണ്ണമായും ഇടതുപക്ഷം വാങ്ങിയിട്ടില്ലെന്ന് പറയാൻ കഴിയുമോ? വളരെ വ്യക്തമായി ഞാൻ പറയും. എടരിക്കോട് മുൻ പഞ്ചായത്ത് പ്രസിഡന്റ് എസ്.ഡി.പി ഐ.-ൽപ്പെട്ട ഇഖ്റാമുൽ ഹക്ക് ആണ്. വൈസ് പ്രസിഡന്റ് സി.പി.ഐ.(എം)-ൽപ്പെട്ട ആളാണ്. നിഷേധിക്കാൻ ആവുമോ? കേരളത്തിൽ എവിടെയെങ്കിലും മുസ്ലീം ലീഗോ യു.ഡി.എഫോ എസ്.ഡി.പി.ഐ.-യുമായി സഖ്യത്തിൽ ചേർന്ന് ഏതെങ്കിലും പഞ്ചായത്ത് പിടിച്ചെന്ന് പറയാൻ കഴിയുമോ? വസ്തുതകൾ വളച്ചൊടിച്ച് കാര്യങ്ങൾ പറയാൻ കഴിയില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗം, വഴങ്ങുന്നുണ്ടോ?

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ വഴങ്ങുന്നില്ല. അങ്ങ് സമയം തരുമെങ്കിൽ വഴങ്ങാം. എന്റെ സമയത്തിന് നിങ്ങൾ പറയേണ്ട കാര്യമില്ല. ഇവിടെ തീവ്രവാദികളെ എതിർക്കുന്നതിൽ ശക്തമായ നിലപാട് സ്വീകരിച്ചതാണ് മുസ്ലീം ലീഗ്. ഇന്നലെ ബിരിയാണി വിളമ്പികൊടുത്തത് ആരാണ്? കൊടുക്കാതിരിക്കാൻ കഴിയില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിന് വോട്ടു വാങ്ങി, ഒരു പ്രശ്നം വരുമ്പോൾ സംരക്ഷിക്കാൻ വേണ്ടി ഒരു തീവ്രവാദിയെ വിളിച്ച് ബിരിയാണി വിളമ്പിയ സംഭവം ഇന്ത്യാ ചരിത്രത്തിലുണ്ടെങ്കിൽ അത് ഇടതുപക്ഷ ജനാധിപത്യ മുന്നണി അവർക്ക് വിളമ്പിക്കൊടുത്തത് മാത്രമേ പറയാൻ കഴിയുകയുള്ളൂ. നിങ്ങൾ പറയണം,

ഏതെങ്കിലും ഒരു ചെറിയ സംഭവം ചൂണ്ടിക്കാണിക്കാൻ കഴിയുമോ; ഒരിക്കലും നിങ്ങൾക്ക് കഴിയില്ല. ഇതുപോലെ ഒരുപാട് സംഭവങ്ങളുണ്ട്. ഇവിടെ തീവ്രവാദികളെ വളർത്തുന്നതിൽ ഏറ്റവും മുൻപന്തിയിൽ നില്ക്കുന്നത് നിങ്ങളാണ്. മഅ്ദനി വന്നപ്പോൾ അദ്ദേഹത്തിന് എല്ലാവിധ സഹായവും ചെയ്തുകൊടുത്തത് ഇവരാണ്. അവസാനം ഇറക്കി കൊണ്ടുവന്നപ്പോഴും സഹായം ചെയ്തുകൊടുത്തു. പൊന്നാനി തെരഞ്ഞെടുപ്പിൽ പറഞ്ഞു, പാർലമെന്റ് മുസ്ലീംലീഗ് കാണാത്ത പാർലമെന്റ് ആയിരിക്കുമെന്ന്. ജനങ്ങൾ അത് ഏറ്റെടുത്തു. ഈ രാജ്യത്ത് മതേതരത്വം നിലനിർത്തിക്കൊണ്ട് മുന്നോട്ടുപോകാൻ പ്രതിജ്ഞാബദ്ധമായ ഒരു പ്രസ്ഥാനമാണ് മുസ്ലീം ലീഗ്. ന്യൂനപക്ഷങ്ങൾക്കും പിന്നോക്കക്കാർക്കും സാധാരണ ജനങ്ങൾക്കുംവേണ്ടി മതേതരത്വം ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ് മുസ്ലീം ലീഗ് എന്നത് നിഷേധിക്കാനാവില്ല. ബാക്കി പിന്നെ പറയാം; തൽക്കാലം ഇത്രമതി.

ധനവിനിയോഗ ബില്ലിനെക്കുറിച്ച് പറയുമ്പോൾ, നമ്മൾ ധനം വിനിയോഗിക്കുമ്പോൾ കഴിഞ്ഞ കാലങ്ങളിൽ മാറിമാറി വന്ന ഗവൺമെന്റുകളൊക്കെയാണെങ്കിലും 50 ശതമാനത്തിൽ കൂടുതൽ തുക ചെലവഴിക്കാത്ത വകുപ്പുകളുണ്ട്. ഉദാഹരണത്തിന് ജലവിഭവ വകുപ്പ്. എന്താണ് പ്രശ്നം? 100 കോടി രൂപ കുടിവെള്ളത്തിന് കൊടുത്തു. ഈ കുടിവെള്ള പദ്ധതി ആവിഷ്കരിക്കാൻവേണ്ടി സർവ്വെ നടത്താൻ ഒരുപാട് സമയം എടുക്കും. സർവ്വെ

കഴിയുമ്പോൾ ഒരു വർഷമോ ഒന്നര വർഷമോ എടുക്കും. ഒരു വർഷമെടുത്ത് സർവ്വെ നടത്തിക്കഴിഞ്ഞതിനുശേഷം ഇതിന് ടെൻഡർ കൊടുക്കും. കരാറുകാരൻ ടെൻഡർ എടുത്ത് പണി തുടങ്ങുന്ന അന്നാണ് റോഡ് കട്ടിംഗിന്റെ ഡീറ്റെയിൽസ് കൊടുക്കുന്നത്. അപ്പോൾ പി.ഡബ്ള്യു.ഡി. പറയും റെസ്റ്റൊറേഷന് ഫണ്ട് കെട്ടണമെന്ന്. റെസ്റ്റോറേഷന് ഫണ്ട് കെട്ടാൻ വേണ്ടി എസ്റ്റിമേറ്റ് കൊടുക്കാൻ പിന്നെയും ഒരുപാട് സമയം എടുക്കും. ആ ഫണ്ട് പി.ഡബ്ല്യു.ഡി.-ക്ക് അനുവദിച്ചാൽ പി.ഡബ്ല്യു.ഡി. റെസ്റ്റൊറേഷനുവേണ്ടി എല്ലാകാര്യങ്ങളും ഏർപ്പാട് ചെയ്തശേഷമേ പെർമിഷൻ കൊടുക്കുകയുള്ളൂ. അപ്പോഴേക്കും റബ്ബറൈസ്ഡ് ചെയ്യേണ്ട റോഡ് റബ്ബറൈസ്ഡ് ചെയ്തിട്ടുണ്ടാകും, കട്ടിംഗിന് ജനങ്ങൾ അനുവദിക്കുകയുമില്ല. ഇങ്ങനെയുള്ള ഒരുപാട് പ്രശ്നങ്ങളുള്ളതുകൊണ്ട് ഒരു കാര്യം ഞാൻ പറയാം, പി.ഡബ്ല്യു.ഡി.-യും വാട്ടർ അതോറിറ്റിയും തമ്മിൽ ഒരു കോ-ഓർഡിനേഷൻ ഉണ്ടാകണം. കാരണം രണ്ട് വിഷയങ്ങളാണുള്ളത്, ടെൻഡർ ചെയ്ത വർക്കാണെങ്കിൽപ്പോലും, റോഡ് കട്ടിംഗിനുമുൻപ് റബ്ബറൈസ് ചെയ്തുകഴിഞ്ഞാൽ റസ്റ്റൊറേഷൻ വർക്കിന് രണ്ടാമത് പണം കൊടുക്കേണ്ടതായിട്ടുള്ള വിഷയം വരുന്നില്ല. അതിനുവേണ്ടി ചെയ്യാൻ കഴിയുന്ന ഒരു കാര്യം, വാട്ടർ അതോറിറ്റി ടെൻഡർ ചെയ്യുമ്പോൾ, പണം അനുവദിക്കുമ്പോൾ റെസ്റ്റൊറേഷൻ വർക്കുകൂടി ഈ കുഴിക്കുന്ന കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിൽപ്പെടുത്തുകയാണെങ്കിൽ ഈയൊരു പ്രശ്നം ഒഴിവാക്കാൻ കഴിയും. ഒരുപാട് പണം ലാഭിക്കാനും കഴിയും. അല്ലെങ്കിൽ

റബ്ബറൈസ് ചെയ്യുന്നു; വീണ്ടും കുഴിക്കുന്നു; രണ്ടാമത് റെസ്റ്റോർ ചെയ്യാൻ കഴിയാത്ത അവസ്ഥ വരുന്നു. ഈ വലിയൊരു നഷ്ടം കൊണ്ട് കുടിവെള്ള പദ്ധതി ആവിഷ്കരിച്ചാൽ നിസ്സാരമായ ഒരു പൈപ്പ് ലൈൻ കൊടുക്കാത്തതിന്റെ പേരിൽ വർക്ക് നീണ്ടുപോകുന്നു. ഈ ഫണ്ട് വിനിയോഗിക്കാൻ കഴിയുന്നില്ല. ഈ പ്രശ്നം പരിഹരിക്കാൻവേണ്ടി പി.ഡബ്ല്യൂ.ഡി.-യും വാട്ടർ അതോറിറ്റിയും തമ്മിൽ ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കി ധനകാര്യവകുപ്പുമായി ഒരു നീക്കുപോക്കുണ്ടാക്കണം. രണ്ടാമത്തെ വിഷയം, ഇവിടെ ഏതെങ്കിലും ഫണ്ടിൽ ഷോർട്ടേജ് വരുമ്പോൾ നികുതി വർദ്ധിപ്പിച്ച് പണം സമാഹരിക്കുന്നു. ഈ പണം കൊണ്ട് ആർക്കാണ് ഗുണം? ഇവിടെ എപ്പോഴും ഒരു കരാറുകാരൻ ടെൻഡർ എടുത്തുകഴിഞ്ഞാൽ എല്ലാവർഷവും ഷെഡ്യൂൾഡ് റിവൈസ് ഉള്ളതുകൊണ്ട് റിവൈസിനുവേണ്ടി കാത്തുനിൽക്കും. എങ്ങനെയെങ്കിലും വർക്ക് കിട്ടാൻവേണ്ടി below-ക്ക് ടെൻഡർ വിളിച്ചെടുക്കും. അങ്ങനെ below-ക്ക് വിളിച്ചെടുത്തുകഴിഞ്ഞാൽ എഗ്രിമെന്റ് വയ്ക്കുകയില്ല. കോൺട്രാക്ടർ കാത്തിരിക്കും. അങ്ങനെയാവുമ്പോൾ ഒരു വർഷം കഴിഞ്ഞ് റിവൈസ് ചെയ്യുമ്പോൾ ആ റിവൈസ് ചെയ്ത റേറ്റ് എനിക്ക് കിട്ടണമെന്ന് പറഞ്ഞ് ഇദ്ദേഹം വീണ്ടും സമീപിക്കും. അപ്പോൾ റിവൈസ് ചെയ്തു കൊടുക്കും. അങ്ങനെയുള്ള പ്രശ്നങ്ങൾകൊണ്ട് ജനങ്ങൾക്ക് കിട്ടേണ്ട ആ റോഡിന്റെ പണം ഇരട്ടിയോ അതിൽ ഇരട്ടിയോ ആകും. ചില പാലങ്ങൾക്ക് കിട്ടുന്നത് അഞ്ചിരട്ടി ആറിരട്ടി പണമാണ്. ആറുകോടി രൂപയ്ക്ക് ടെൻഡർ ചെയ്യേണ്ട ഒരു പാലം

മൂന്നാമത്തെ വർഷം ആകുമ്പോഴേക്കും 15 കോടി രൂപയിലേക്ക് ടെൻഡർ ചെയ്ത് പോകുന്ന അനുഭവമുണ്ട്. അതുകൊണ്ട് ഈ നാട്ടിലെ ജനങ്ങളുടെ നികുതി പിരിച്ച് ഒന്നായി പണം വാങ്ങി ഇങ്ങനെ മറ്റുമേഖലകളിൽ പോകുന്നത് തടയാൻ തീർച്ചയായും ഈ ചെലവഴിക്കുന്ന കാര്യത്തിൽ, ടെൻഡർ കൊടുക്കുന്ന കാര്യത്തിൽ, അനാവശ്യമായ കാലതാമസം കൊണ്ട് മുന്നോട്ടുപോകുന്ന കാര്യത്തിൽ വ്യക്തമായ ഒരു കാഴ്ചപ്പാട് വേണം. ഇക്കാര്യത്തിൽ എന്തുനടപടിയാണ് കഴിഞ്ഞ കാലത്ത് സ്വീകരിച്ചത്? മാറിമാറി വരുന്ന എല്ലാ ഗവൺമെന്റുകളും ഒരു പ്രത്യേക ലോബിയായി പ്രവർത്തിക്കുകയായിരുന്നു. അതുകൊണ്ട് above, below വിളിച്ച് പിന്നെ റിവൈസ് ചെയ്ത് above ആക്കി പിന്നെ കൂട്ടിക്കൂട്ടി കൊണ്ടുപോയി കാലതാമസം വരുത്തി നഷ്ടപ്പെട്ടു പോകുന്ന അവസ്ഥ ഒഴിവാക്കി, നമ്മുടെ ഈ ധനം വിനിയോഗിക്കുമ്പോൾ നീതിയുക്തമായി ജനങ്ങൾക്കുവേണ്ടിയാണെന്നുള്ള കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗബില്ലിനെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഇ. റ്റി. ടൈസൺ മാസ്റ്റർ</u>: സർ, 2016-17-ലെ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റ് പ്രസംഗം അവസാനിക്കുന്നിടത്ത് ഒ.എൻ.വി. കവിതകളുടെ വരികളാണുണ്ടായിരുന്നത്. 'നമ്മൾ ജയിക്കും